(ഡി) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 2001 ഫെബ്രുവരി 1-ലെ കണക്കനുസരിച്ച് 100.71 കോടി രൂപയും കുടിശ്ശികയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.*

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക

118 (710) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് എത്ര തുക കുടിശ്ശിക ഇനത്തിൽ പൊതുമരാമത്ത് വകുപ്പ് നൽകാനുണ്ട് ;

(ബി) പ്രസ്തുത കുടിശ്ശിക നൽകണമെന്ന് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എത്ര തുക സർക്കാർ നൽകിയിട്ടുണ്ട് ;

(ഡി) കുടിശ്ശിക ലഭിക്കാത്തതുകൊണ്ട് ഏതെങ്കിലും കരാറുകാരൻ ആത്മഹത്യ ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അങ്ങനെ കരാറുകാരൻ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക തുക ആശ്രിതർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 31-1-2001 വരെ 100.71 കോടി രൂപയും കൊടുത്തു തീർക്കാനുണ്ട്. മറ്റു വിഭാഗങ്ങളിലെ കണക്ക് ശേഖരിച്ചു വരുന്നു.

(ബി & സി) ഉണ്ട്. പൊതുമരാമത്ത് ജലസേചന വകുപ്പുകളിലെ കോൺട്രാക്ടർമാർക്ക് 31-3-1999 വരെയുള്ള കുടിശ്ശികയിൽ 150 കോടി രൂപ നൽകാൻ 20-10-2000-ൽ കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം 168.92 കോടി രൂപ നൽകിയിട്ടുമുണ്ട്.

(ഡി) കണ്ണൂർ തളിപ്പറമ്പ് പ്രദേശത്ത് പുഷ്പഗിരിയിലെ കരാറുകാരൻ ശ്രീ.സി.ജെ.ജേക്കബ് ആത്മഹത്യ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly